**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ലെയ്സൺ ഓഫീസറായി ശ്രീ.റ്റി.ശ്രീകുമാർ, ഡെപ്യൂട്ടി സെക്രട്ടറിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയം ഭരണ (പി.എസ്.)വകുപ്പ്**

**സ.ഉ.(സാധാ)നം.591/2017/ തസ്വഭവ. തിരുവനന്തപുരം, തീയതി, 04.03.2017**

പരാമർശം:- പാർലമെന്ററികാര്യ (ബി) വകുപ്പിന്റെ 08.02.2016 ലെ പാ.കാ.വ.-ബി2/88/2015-പാ.കാ.വ നമ്പർ സർക്കുലർ

**ഉത്തരവ്**

നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടികൾ അവ സഭയിൽ ഉന്നയിക്കുന്നതിന്റെ ദിവസത്തിന് തലേദിവസം 5 മണിക്ക് മുൻപായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടം 47(1) നിഷ്കർഷിക്കുന്നു. ഇടക്കാല മറുപടിയോ ഭാഗികമായ മറുപടിയോ ആണ് ലഭ്യമാക്കുന്നതെങ്കിൽ അന്തിമ മറുപടി കാലതാമസ പത്രിക സഹിതം തൊട്ടടുത്ത സമ്മേളനത്തിൽ ലഭ്യമാക്കണമെന്ന് ചട്ടം 47 (2) ലും വ്യക്തമാക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ 231-234 ഖണ്ഡികകളിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചില വകുപ്പുകൾ ഇതിൽ വീഴ്ച വരുത്തുന്നുണ്ടെന്നും മറുപടി യഥാസമയം നല്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് ലെയ്സൺ ഓഫീസർമാരെ നിയമിക്കണമെന്നും പരാമർശത്തിലൂടെ പാർലമെന്ററികാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിയമസഭാ ചോദ്യങ്ങൾക്കുള്ള പൂർണ്ണമായ മറുപടി യഥാസമയം നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചട്ടപ്രകാരം സ്വീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പാർലമെന്റ് സെക്ഷന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.ടി.ശ്രീകുമാറിനെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ലെയ്സൺ ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
ടി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസിന്,
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎസിന്,
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി - I യുടെ പിഎസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി - II യുടെ പി.എ.ക്ക്
ശ്രീ.ടി.ശ്രീകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ (പി.എസ്.) വകുപ്പ്,
പാർലമെന്ററികാര്യ (ബി) വകുപ്പ്,
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

Exe. Director, IKM

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ